# ജോൺ 23-ാം പാപ്പ വിശുദ്ധ പദത്തിലേക്ക്

**ബിഷപ്പ് ഡോ. അലക്സ് വടക്കുംതല**

മൂന്നു വർഷത്തെ തത്വശാസ്ത്രപഠനം പൂനെയിൽ പൂർത്തിയാക്കി തിരിച്ചെത്തിയപ്പോൾ, എന്റെ ചിന്തകളിലും നിരീക്ഷണങ്ങളിലും അറിയാതെ വന്നിരുന്ന മാറ്റം തിരിച്ചറിഞ്ഞ എന്റെ പിതാവിന്റെ ജേഷ്ഠസഹോദരൻ, മോൺ. അലക്സാ ർ വടക്കുംതല, ഒരു പുസ്തകം വായിക്കാനായി തന്നു. സാമാന്യം വലുപ്പമുള്ള ആ പുസ്തകം അല്പം സമയമെടുത്തു തന്നെ എന്റെ റീജൻസിയുടെ ആദ്യ മാസങ്ങളിൽ വായിച്ചു തീർത്തു.

ജോൺ 23-ാം മാർപാപ്പയുടെ 'The Journal of the Soul' (ഒരാത്മാവിന്റെ ഡയറിക്കുറിപ്പുകൾ) എന്ന പുസ്തകമായിരുന്നു അത്. വളരെ ലളിത സുന്ദരമായ ശൈലിയിൽ, തന്റെ അനുദിനജീവിതാനുഭവങ്ങൾ ചേർത്തുവച്ച്, വിശ്വാസ ജീവിതത്തിന്റെ പ്രായോഗിക തലങ്ങളെപ്പറ്റിയും, പൗരോഹിത്യ ജീവിത ധന്യതയെക്കുറിച്ചുമെല്ലാം എഴുതിയിരിക്കുന്നതു വായിച്ചതുവഴി ആ വലിയ ജീവിതത്തിന്റെ ലാളിത്യത്തിലേക്കും ആകർഷിക്കപ്പെടുകയായിരുന്നു. അതോടൊപ്പം, ഞാൻ തിരഞ്ഞെടുത്ത, പൗരോഹിത്യത്തിന്റെ പാതയെപ്പറ്റിയുള്ള ആശങ്കകൾ ലഘൂകരിക്കപ്പെടുകയുമായിരുന്നു.

ആൻജെലോ റോൺകാലി ഒരു സെമിനാരി വിദ്യാർത്ഥിയായിരുന്ന കാലം മുതൽ, പിന്നീട് വർഷങ്ങൾക്കുശേഷം 77-ാം വയസ്സിൽ മാർപാപ്പയായി തിരഞ്ഞെടുക്കുമ്പോഴും അനുദിനം പാലിച്ചിരുന്ന, നാട്യങ്ങളില്ലാത്ത, സരളസുന്ദരമായ ഒരു ആദ്ധ്യാത്മിക ശൈലി ഈ പുസ്തകത്തിലൂടെ ചുരുളഴിയുന്നു. അദ്ദേഹം ജപമാല നിത്യവും ചൊല്ലിയിരുന്നു. വചനം വായിച്ച് വിചിന്തനം നടത്തിയിരുന്നു. വിശുദ്ധ ബലി ഏറ്റവും ഭക്തിയോടെ അർപ്പി

ച്ചിരുന്നു. മുടക്കം കൂടാതെ ആത്മശോധന നടത്തിയിരുന്നു. കത്തോലിക്കാ വിശ്വാസത്തിൽ ശക്തമായി വേരുന്നി ഇതുപോലുള്ള സാധാരണ ഭക്താഭ്യാസങ്ങളിലൂടെ, ഒരു ഉത്തമ ക്രിസ്തു ശിഷ്യനാകാനും, ജീവിതത്തിലെ പ്രതിസന്ധികളും പ്രക്ഷുബ്ധമായ പ്രശ്നങ്ങളും മനചാഞ്ചല്യമില്ലാതെ, ദൈവപരിപാലനയിൽ മാത്രം ആശ്രയിച്ച്, എപ്രകാരം കൈകാര്യം ചെയ്യാനാകുമെന്ന് ഒരാത്മാവിന്റെ ഡയറിക്കുറിപ്പുകൾ വ്യക്തമാക്കുന്നു.ദൈവത്തിന്റെ കരങ്ങളിൽ എല്ലാം സമർപ്പിച്ച്, സമചിത്തയോടെ ജീവിക്കുകയും സമഭാവനയോടെ പ്രവർത്തിക്കുകയും ചെയ്യുന്ന ഒരു ജീവിത ശൈലി ഉൾക്കൊള്ളുന്ന ഒരാദ്ധ്യാത്മികത അതിലു ്. അതായിരിക്കണം കാലഘട്ടത്തിന്റെ ആവശ്യങ്ങൾ ക റിഞ്ഞ് തീരുമാനങ്ങളെടുക്കുവാനും സഭയെ നയിക്കുവാനും വേ ആന്തരിക കരുത്ത് അദ്ദേഹത്തിന് ലഭിച്ചത്.

ജോൺ 23-ാം മാർപാപ്പയോടുള്ള ബഹുമാനവും ആദരവും കൂടുതൽ വർദ്ധിച്ചത്, വത്തിക്കാൻ ആർക്കൈവിൽ സൂക്ഷിച്ചിട്ടുള്ള ഒരു തപാൽ കവർ ക തോടുകൂടിയാണ്. റോമിലെ ഉർബൻ യൂണിവേഴ്സിറ്റിയിൽ പഠിപ്പിക്കുന്ന സ്പെയിൻകാരനായ ഒരു ക്ലരേഷ്യൻ വൈദീകൻ, ഫാ. ശാസ്ത്രേ സാന്തോസ്, ഞങ്ങളെ വത്തിക്കാൻ ആർക്കൈവ് പരിചയപ്പെടുത്തുവാൻ അന്നു കൊ ുപോയത്, കാനൻ നിയമപഠനത്തിന്റെ ഭാഗമായിട്ടാണ്. ആർക്കൈവിന്റെ ക്യുറേറ്ററായ മോൺസിഞ്ഞോർ തപാൽ സ്റ്റാമ്പൊട്ടിച്ച് മാർപാപ്പയ്ക്ക് ലഭിച്ച ഒരു കത്തിന്റെ കാലികവർ കാണിച്ചു തന്നു. ഈ കവറിൽ ജോൺ 23-ാം മാർപാപ്പ, തന്റെ കയ്യക്ഷരത്തിൽ, കറുത്ത മഷികൊ ്, ഒന്നിനു താഴെ ഒന്നായി മൂന്ന് കാര്യങ്ങൾ കുറിച്ചുവച്ചിരിക്കുന്നതും കാണിച്ചു. ഒന്ന്: ഒരു റോമൻ രൂപതാ സിനഡ്; ര ്: സാർവത്രിക സൂനഹദോസ്സ്; മൂന്ന്: കാനൻ നിയമപരിഷ്കരണം. കത്തോലിക്ക സഭയുടെ പരമാദ്ധ്യക്ഷൻ എന്ന നിലയിൽ മാർപാപ്പ തന്റെ പാസ്റ്ററൽ പ്ലാൻ

കുറിക്കുകയായിരുന്നു, ആരോ തനിക്ക് കത്തെഴുതാൻ ഉപയോഗിച്ച ആ കവറിന്റെ എഴുതാത്ത ഭാഗത്ത് ആധുനിക കാലഘട്ടത്തിൽ കത്തോലിക്കാ സഭയ്ക്ക് പുതിയൊരു ദിശാബോധവും പ്രവർത്തന ശൈലിയും സമ്മാനിച്ച ര ാം വത്തിക്കാൻ കൗൺസിൽ ഉൾപ്പെടെയുള്ള ഈ മൂന്നു കാര്യങ്ങളും ജോൺ 23-ാം മാർപാപ്പയുടെ മനസ്സിൽ മൗലീകമായി ഉദിച്ച കാര്യങ്ങളാണെന്ന്, സംശയമില്ലാതെ തെളിയിക്കുന്ന അടിസ്ഥാന സാക്ഷി പ്രമാണമാണ് മാർപാപ്പയുടെ സ്വന്തം കൈപ്പടയിലെഴുതിയിരിക്കുന്ന ഉപയോഗിച്ച ആ കവറിലെ കുറിപ്പുകൾ. ആ വലിയ മനസ്സിന്റെ മുമ്പിൽ സഭാതനയർ കൂപ്പുകൈകളോടെ നമ്രശിരസ്കരാകണം.

കാനൻ നിയമപഠനത്തിന്റെ അവസാന സെമസ്റ്ററിൽ, ഒരു ഈസ്റ്റർ അവധിക്കാലത്ത് വടക്കേ ഇറ്റലിയിലെ മിലാൻ രൂപതയിൽ സുയെല്ലോ(Suello) എന്ന ചെറിയ ഒരു ഇടവകയിൽ വിശുദ്ധവാരദിനങ്ങളിൽ സഹായിക്കാനായി പോയിരുന്നു. അവിടത്തെ വികാരിയച്ചൻ മോൺസിഞ്ഞോർ ജിയാക്കോമോ ആണ്, ജോൺ 23-ാം മാർപാപ്പയുടെ ജന്മസ്ഥലമായ സോത്തോ-ഇൽ-മോന്തെ (Sotto–il–Monte) കാണാനായി കൊ ുപോയത്. വടക്കേ ഇറ്റലിയിൽ ലൊംബാർഡി പ്രവശ്യയിലെ ബെർഗമോയിലുള്ള ഗ്രാമീണചൈതന്യം ഒട്ടും വിട്ടുമാറാത്ത ഒരു ഉൾനാടൻ ഗ്രാമമാണത്. ജോൺ 23-ാം മാർപാപ്പയുടെ വിശ്വസ്ത സെക്രട്ടറിയായി, സന്തതസഹചാരിയായി ദീർഘനാൾ സേവനമനുഷ്ഠിച്ച ആർച്ചുബിഷപ്പ് ഫ്രാൻചെസ്കോ കാപ്പോവില്ല അവിടെ താമസിച്ചിരുന്നു. വെനീസ് അതിരൂപതയിലെ വൈദീകനായ അദ്ദേഹം, കാർഡിനൽ റോൺകാലി വെനീസിന്റെ പാട്രിയാക് ആയിരുന്ന കാലത്തും, പിന്നീട് 1958 ഒക്ടോബർ 20 - ന് മാർപാപ്പയായി തിരഞ്ഞെടുത്തതിനെ തുടർന്നും അദ്ദേഹത്തിന്റെ സെക്രട്ടറിയായിരുന്നു. 1963 ജൂൺ 3-ാം തിയ്യതി മാർപാപ്പ ദിവംഗതനാകുന്നതുവരെ അദ്ദേഹം ആ വലിയ ദൗത്യം തുടർന്നു. പിന്നീട് ലൊറെറ്റോ

രൂപതയുടെ സാരഥ്യം ഏല്പിക്കുകയും 1988 -ൽ അവിടെ നിന്ന് വിരമിച്ചശേഷം ജോൺ 23-ാം മാർപാപ്പയുടെ നാമകരണ നടപടികളിലും മറ്റും ബദ്ധശ്രദ്ധനായി പ്രവർത്തിക്കുകയായിരുന്നു.

ഫ്രാൻസീസ് മാർപാപ്പ 2014 ഫെബ്രുവരി 22 -ന് അദ്ദേഹത്തെ കർദിനാളായി ഉയർത്തി. ആർച്ച്ബിഷപ്പ് കാപ്പോവില്ലയെ അന്ന് സോത്തോ ഇൽ മോന്തെയിൽ വച്ച് കാണാനുള്ള ഭാഗ്യം എനിക്കു ായി. ജോൺ 23-ാം മാർപാപ്പ ഉപയോഗിച്ചിരുന്ന വസ്തുക്കളും അദ്ദേഹത്തിന് വിവിധ കാലയളവുകളിൽ ലഭിച്ച സമ്മാനങ്ങളും ഉൾക്കൊള്ളിച്ച് അവിടെ ഒരു മ്യൂസിയം അദ്ദേഹം നിർമ്മിച്ചിട്ടു ്. ഇത് ഞങ്ങളെ വിശദീകരിച്ച് കാണിച്ചു തന്നു. വിശുദ്ധ ജീവിതം നയിച്ച ഒരു സഭാസാരഥിയുടെ ലളിതസുഭഗ ജീവിതം വിളിച്ചറിയിക്കുന്ന ഒന്നാണ് ആ മ്യൂസിയം.

നാലു വർഷവും ഏഴുമാസവും നീ ുനിന്ന പാപ്പാഭരണകാലത്തെ പ്രധാനപ്പെട്ട സംഭവങ്ങളും മുഹൂർത്തങ്ങളും വളരെ ആകർഷകമായ വിധത്തിൽ അവിടെ ക്രമീകരിച്ചിരിക്കുന്നു. ആ ഹ്രസ്വകാലഘട്ടത്തിൽ ഇറക്കിയ എട്ട് ചാക്രികലേഖനങ്ങളിൽ ഏറെ ലോകശ്രദ്ധപിടിച്ചുപറ്റിയ 'ഭൂമിയിൽ സമാധാനം' (പാചെം ഇൻ തേരിസ്) 1963 -ൽ ഒപ്പുവയ്ക്കുന്നതും, ഈ ശാന്തിസന്ദേശം പ്രാവർത്തിക പഥത്തിൽ കൊ ുവരാൻ അന്നത്തെ അമേരിക്കൻ പ്രസിഡന്റ് ജോൺ എഫ്. കെന്നഡിയെയും റഷ്യൻ പ്രധാനമന്ത്രി നികിതാ ക്രൂഷ്ചോവിനെയും മറ്റു ലോകനേതാക്കൾ കൂടിക്കാഴ്ച നടത്തുന്നതിന്റെയും മറ്റും ചിത്രങ്ങളും അവിടെയു ്. ര ാം ലോകമഹായുദ്ധത്തിന്റെ നൊമ്പരപ്പെടുത്തുന്ന പശ്ചാത്തലത്തിൽ നിന്ന്, ദീർഘനാൾ നയതന്ത്രമേഖലയിലെ അനുഭവപരിചയവും സുഹൃത്ബന്ധവും ഉപയുക്തങ്ങളാക്കി, വിശ്വശാന്തിക്കായുള്ള നിലപാടുകളായിരുന്നല്ലോ അദ്ദേഹത്തെ കൂടുതൽ ശ്രദ്ധേയനാക്കിയത്. അതോടൊപ്പം, അദ്ദേഹം

അടിയുറച്ച് വിശ്വസിച്ചിരുന്ന മതാന്തരസംവാദത്തിന്റെയും മാനവസഹവർത്തിത്വത്തിന്റെയും ഭാഗമായി, യഹൂതമതത്തോടും മതവിശ്വാസികളോടുമുള്ള അടുപ്പവും ആത്മബന്ധവും പ്രത്യേകം ശ്രദ്ധപ്പിടിച്ചുപറ്റി.

അവിടെ പ്രദർശിപ്പിച്ചിരുന്ന വസ്തുക്കളിൽ എന്നെ വ്യക്തിപരമായി കൂടുതൽ ആകർഷിച്ചത് മറ്റൊന്നാണ്. ആർച്ച്ബിഷപ്പ് ജോസഫ് അട്ടിപ്പേറ്റി, വരാപ്പുഴ അതിരൂപതയിലെ ദൈവജനത്തിന്റെ ഒരുമാസത്തെ ഭക്തകൃത്യങ്ങളും പ്രത്യേക പ്രാർത്ഥനയും സൽപ്രവർത്തികളും സമർപ്പിച്ചുകൊ ് 1960 -ൽ സമ്മാനിച്ച ആകർഷകമായ ഒരു മെമെന്റോ അവിടെ പ്രദർശന വസ്തുക്കളിൽ ക ു. അറിയാതെ, അഭിമാനപൂരിതമായി എന്റെ അന്തഃരംഗം. അത് ചൂ ികാണിച്ച് അതു കെ ത്താനായതിന്റെ സന്തോഷവും അത് കാത്തുപരിപാലിച്ചതിന് അഭിനന്ദനവും അറിയിച്ചു. ജോൺ 23-ാം മാർപാപ്പയുടെ മനസ്സും ചിന്തയും ഏറെ അടുത്തറിഞ്ഞ കാപ്പോവില്ല പിതാവിന്റെ മറുപടി അപ്പോൾ ഇങ്ങനെയായിരുന്നു: ''മിഷൻ പ്രദേശങ്ങളിലെ പാരിതോഷികങ്ങൾ ദൈവത്തെ ഹൃദയലാളിത്യംകൊ ് സ്പർശിക്കുന്നവരുടേതാകയാൽ സൂക്ഷിച്ചുവയ്ക്കണമെന്നത് മാർപാപ്പയുടെ ആഗ്രഹമായിരുന്നു''. ജോൺ 23-ാം മാർപാപ്പയുടെ ഉൾചിന്തകൾ വളരെ അടുത്തറിഞ്ഞിരുന്ന ആ വിശ്വസ്തനായ സെക്രട്ടറി പിതാവ് അറിയിച്ചു. തന്റെ രൂപതയിലെ എല്ലാ ഭവനങ്ങളും സന്ദർശിച്ച മെത്രാപ്പോലീത്തയായിരുന്നു ആർച്ച്ബിഷപ്പ് അട്ടിപ്പേറ്റി എന്ന് ഞാൻ കൂട്ടിച്ചേർത്തപ്പോൾ, മാതൃകയാകുന്ന ആ അജപാലന തീഷ്ണതയെ അദ്ദേഹം ശ്ലാഘിച്ചു.

വാത്സല്യമുഖഭാവത്തോടെ നിൽക്കുന്ന രോഗികളോടൊപ്പം ജോൺ മാർപാപ്പയുടെ ഫോട്ടോ ക പ്പോൾ തന്റെ പഴയ യജമാനന്റെ സ്വതസിദ്ധമായ

നർമ്മബോധം ആർച്ച്ബിഷപ്പിന്റെ ഓർമ്മയിൽ ഓടിയെത്തി. മാർപാപ്പ യായി തിരഞ്ഞെടുത്ത ശേഷം, തൊട്ടടുത്ത ദിനങ്ങളിൽ തന്നെ, വത്തി ക്കാൻ സമീപമുള്ള ഹോളി സ്പിരിറ്റ് ആശുപത്രി സന്ദർശിക്കാനായി പോയി എത്രെ. ആശുപത്രി അധികാരികൾ ഓരോരുത്തരും സ്വയം പരി ചയപ്പെടുത്താൻ മാർപാപ്പയുടെ മുൻപിൽ നിരന്നു വന്നു. ആശുപത്രി യോടനുബന്ധിച്ചുള്ള ഹോളി സ്പിരിറ്റ് കോൺവെൺന്റിലെ മദർ, പാപ്പാ സന്ദർശനത്തിന്റെ ആവേശാനുഭൂതിയിൽ സ്വയം പരിചയപ്പെടുത്തി:“പരി ശുദ്ധ പിതാവേ, ഞാൻ, സിസ്റ്റർ കാർള, ഹോളി സ്പിരിറ്റിന്റെ സുപ്പീരിയർ ആണ്!”.

“ഹോ, എന്തൊരു ഭാഗ്യമാണ്, സിസ്റ്റർ! ഹോളി സ്പിരിറ്റിന്റെ സുപ്പീരിയറാ ണല്ലേ! ഞാൻ, ജോൺ, ക്രിസ്തുവിന്റെ വെറുമൊരു വികാരി!...”. ആർച്ച്ബിഷപ്പ് ഈ ഫലിതം പറഞ്ഞപ്പോൾ എല്ലാവരും ചിരിച്ചു. അങ്ങ നെ, സ്വയം ചിരിക്കുകയും മറ്റുള്ളവരെ ചിരിപ്പിക്കുകയും ചെയ്യുന്ന മാർപാപ്പയുടെ, ഈ ഗുണമോർത്ത് ഞങ്ങൾ എല്ലാവരും സന്തോഷിച്ചു.

സന്ദർശനത്തിന്റെ അവസാനത്തിൽ, ജോൺ 23-ാം മാർപാപ്പയുടെ അതു വരെ പ്രസിദ്ധീകരിക്കാത്ത കത്തുകൾ, അതിന്റെ ഒറിജിനൽ ഭാഷയിൽ തന്നെ പ്രസാധനം ചെയ്തിട്ടുള്ള ര  ു വാല്യങ്ങൾ, കയ്യൊപ്പിട്ട് മോൺസി ഞ്ഞോർ ജിയാക്കോമോക്കും എനിക്കും തന്നു. വലിയൊരു നിധിപോലെ ഞാൻ ആ പുസ്തകങ്ങൾ സൂക്ഷിക്കുന്നു.

ഈ ആധുനിക നൂറ്റാ  ിൽ സഭയ്ക്കും സമൂഹത്തിനും അനുഗ്രഹമായി മാറിയ ഫ്രാൻസീസ് പാപ്പ, 2014 ഏപ്രിൽ 27 -ന് ജോൺ 23-ാം മാർപാപ്പ യെ വിശുദ്ധനായി പ്രഖ്യാപിക്കുന്ന സംഭവം കാത്തിരിക്കുമ്പോൾ മനസ്സിൽ

നിറയുന്ന പാപ്പായുടെ ചിത്രങ്ങൾ വ്യത്യസ്തങ്ങളാണ്. 'ഒരാത്മാവിന്റെ ഡയറിക്കുറിപ്പുകൾ' വ്യക്തമാക്കുന്ന ലാളിത്യത്തിന്റെ ആദ്ധ്യാത്മികതയിൽ ജീവിച്ച ഒരു വിശ്വാസി, സഭയ്ക്കുവേ ി സ്വപ്നങ്ങൾ ഹൃദയത്തിൽ സൂക്ഷിക്കുകയും ദർഘവീക്ഷണത്തോടെ ധീരമായ നിലപാടുകളെടുക്കുകയും ചെയ്ത നേതാവ്, അതിരുകളില്ലാതെ എല്ലാവരെയും സ്വകരിച്ചുൾക്കൊ മനുഷ്യസ്നേഹി, തന്റെയടുത്ത് വന്നെത്തുന്നവർക്ക് വാത്സല്യവും കരുതലും ഉള്ളിലൊളിപ്പിച്ച് പുഞ്ചിരിയും സന്തോഷവും പകരുന്ന 'നല്ല പാപ്പ'... ഒളിമങ്ങാതെ, ചരിത്രത്താളുകളിൽ തെളിഞ്ഞു നിൽക്കുന്ന ഈ വർണ്ണ ചിത്രങ്ങൾ ജീവിതപാതയിൽ പ്രചോദനങ്ങളാണ്. അൾത്താരയിലെ വണക്കത്തിലേക്ക് ഉയർത്തപ്പെടുമ്പോൾ ആ ധന്യജീവിതത്തിന്റെ വിശുദ്ധ പാഠങ്ങൾ ഒപ്പിയെടുക്കാനാവട്ടെ എന്നതാണ് പ്രാർത്ഥന.

മഹാനായ ഒരു അലക്സാ ർ എന്റെ ജീവിതത്തിൽ അനുഗ്രഹമായിട്ട് ഉ ായിരുന്നു. കൂടുതൽ വ്യക്തമായി പറഞ്ഞാൽ പല അവസരത്തിലും എന്നെ നന്നായി മനസ്സിലാക്കി മാർഗ്ഗനിർദ്ദേശം നൽകി സഹായിച്ചിരുന്ന, എന്റെ പിതാവിന്റെ ജേഷ്ഠസഹോദരൻ മോൺ. അലക്സാ ർ വടക്കുംതലയുടെ സാന്നിദ്ധ്യം എനിക്ക് മഹത്തായ ഒന്നായിരുന്നു. മൂന്നു വർഷത്തെ തത്വശാസ്ത്രപഠനം പൂനെയിൽ പൂർത്തിയാക്കി തിരിച്ചെത്തിയ പ്പോൾ, എന്റെ ചിന്തകളിലും നിരീക്ഷണങ്ങളിലും അറിയാതെ വന്നിരുന്ന മാറ്റം തിരിച്ചറിഞ്ഞ അദ്ദേഹം ഒരു പുസ്തകം വായിക്കാനായി തന്നു. സാമാന്യം വലുപ്പമുള്ള ആ പുസ്തകം അല്പം സമയമെടുത്തുതന്നെ എന്റെ റീജൻസി കാലഘട്ടത്തിൽ വായിച്ചു.

ജോൺ 23-ാം മാർപാപ്പയുടെ 'The Journal of the Soul' എന്ന പുസ്തകമാ യിരുന്നു അത്. വളരെ ലളിത സുന്ദരമായ ശൈലിയിൽ, തന്റെ അനു ദിനജീവിതാനുഭവങ്ങൾ ചേർത്തുവച്ച്, വിശ്വാസ ജീവിതത്തിന്റെ പ്രായോ ഗിക തലങ്ങളെപ്പറ്റിയും, പൗരോഹിത്യ ജീവിത ധന്യതയെക്കുറിച്ചുമെല്ലാം എഴുതിയിരിക്കുന്നതു വായിച്ചതുവഴി ആ വലിയ ജീവിതത്തിന്റെ ലാളിത്യ ത്തിലേക്കും ആകർഷിക്കപ്പെടുകയായിരുന്നു.

ആൻജെലോ റോൺകാലി ഒരു സെമിനാരി വിദ്യാർത്ഥിയായിരുന്ന കാലം മുതൽ, പിന്നീട് വർഷങ്ങൾക്കുശേഷം -ാം വയസ്സിൽ മാർപാപ്പയായി തിര ഞ്ഞെടുക്കുമ്പോഴും അനുദിനം പാലിച്ചിരുന്ന, നാട്യങ്ങളില്ലാത്ത, സരളസുന്ദ രമായ ഒരു ആദ്ധ്യാത്മിക ശൈലി ഈ പുസ്തകത്തിലൂടെ ചുരുളഴിയുന്നു. അദ്ദേഹം ജപമാല നിത്യവും ചൊല്ലിയിരുന്നു. വചനം വായിച്ച് വിചിന്തനം നടത്തിയിരുന്നു. വിശുദ്ധ ബലി ഏറ്റവും ഭക്തിയോടെ അർപ്പിച്ചിരുന്നു.

മുടക്കം കൂടാതെ ആത്മശോധന നടത്തിയിരുന്നു. അവയെല്ലാം കത്തോലിക്കാ വിശ്വാസത്തിൽ ശക്തമായി വേരുന്നിയവയുമായിരുന്നു. അതായിരിക്കണം കാലഘട്ടത്തിന്റെ ആവശ്യങ്ങൾ ക റിഞ്ഞ് തീരുമാനങ്ങളെടുക്കുവാനും സഭയെ നയിക്കുവാനും വേ ആന്തരിക കരുത്ത് അദ്ദേഹത്തിന് ലഭിച്ചത്.

ജോൺ 23-ാം മാർപാപ്പയോടുള്ള ബഹുമാനവും ആദരവും കൂടുതൽ വർദ്ധിച്ചത്, വത്തിക്കാൻ ആർക്കൈവിൽ സൂക്ഷിച്ചിട്ടുള്ള ഒരു തപാൽ കവർ ക തോടുകൂടിയാണ്. സ്പെയിൻകാരനായ ഒരു ക്ലരേഷ്യൻ വൈദീകൻ, ഫാ. ശാസ്ത്രേ സാന്തോസ്, ഞങ്ങളെ വത്തിക്കാൻ ആർക്കൈവ് പരിചയപ്പെടുത്തുവാൻ അന്നു കൊ ുപോയത്, കാനൻ നിയമപഠനത്തിന്റെ ഭാഗമായിട്ടാണ്. ആർക്കൈവിന്റെ കുറേറ്ററായ മോൺസിഞ്ഞോർ ഈ കവറിൽ ജോൺ 23-ാം മാർപാപ്പ, തന്റെ കയ്യക്ഷരത്തിൽ, കറുത്ത മഷികൊ ്, ഒന്നിനു താഴെ ഒന്നായി മൂന്ന് കാര്യങ്ങൾ കുറിച്ചുവച്ചിരിക്കുന്നതു കാണിച്ചുതന്നു. ഒന്ന്: ഒരു റോമൻ രൂപതാ സിനഡ്; ര ്: സാർവത്രിക സൂനഹദോസ്സ്; മൂന്ന്: കാനൻ നിയമപരിഷ്കരണം. കത്തോലിക്ക സഭയുടെ പരമാദ്ധ്യക്ഷൻ എന്ന നിലയിൽ മാർപാപ്പ തന്റെ പാസ്റ്ററൽ പ്ലാൻ കുറിക്കുകയായിരുന്നു, ആരോ തനിക്ക് കത്തെഴുതാൻ ഉപയോഗിച്ച ആ കവറിന്റെ എഴുതാത്ത ഭാഗത്ത്, ആധുനിക കാലഘട്ടത്തിൽ കത്തോലിക്കാ സഭയ്ക്ക് പുതിയൊരു ദിശാബോധവും പ്രവർത്തന ശൈലിയും സമ്മാനിച്ച ര ാം വത്തിക്കാൻ കൗൺസിൽ ഉൾപ്പെടെയുള്ള ഈ മൂന്നു കാര്യങ്ങളും ജോൺ 23-ാം മാർപാപ്പയുടെ മനസ്സിൽ മൗലീകമായി ഉദിച്ച കാര്യങ്ങളാണെന്ന്, സംശയമില്ലാതെ തെളിയിക്കുന്ന അടിസ്ഥാന സാക്ഷിപ്രമാണമാണ് മാർപാപ്പയുടെ സ്വന്തം

കൈപ്പടയിലെഴുതിയിരിക്കുന്ന ആ കവർ. ആ വലിയ മനസ്സിന്റെ മുമ്പിൽ സഭാതനയർ കൂപ്പുകൈകളോടെ നമ്രശിരസ്കരാകണം.

കാനൻ നിയമപഠനത്തിന്റെ അവസാന സെമസ്റ്ററിൽ, ഒരു ഈസ്റ്റർ അവധിക്കാലത്ത് വടക്കേ ഇറ്റലിയിലെ മിലാൻ രൂപതയിൽ സുയെല്ലോ(Suello) എന്ന ചെറിയ ഒരു ഇടവകയിൽ വിശുദ്ധവാരദിനങ്ങളിൽ സഹായിക്കാനായി പോയിരുന്നു. അവിടത്തെ വികാരിയച്ചൻ ഡോൺ ജിയാക്കോമോ ആണ്, ജോൺ 23-ാം മാർപാപ്പയുടെ ജന്മസ്ഥലമായ സോത്തോ - ഇൽ - മോന്തെയിൽ (Sotto – il – Monte) കൊ ുപോയത്. ഗ്രാമീണചൈതന്യം ഒട്ടും വിട്ടുമാറാത്ത ഒരു ഉൾനാടൻ ഗ്രാമമാണത്.